# പതിനാലാം കേരളനിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2792 13.03.2020 ൽ മറുപടിക്ക്

### നിയമാനുസൃത അവകാശി സാക്ഷ്യപത്രം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിയമാനുസൃത അവകാശി സാക്ഷ്യപത്രത്തിന്(ലീഗൽ ഹെയർ സർട്ടിഫിക്കറ്റ്) അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മരണപ്പെട്ടയാളിന്റെ അവകാശികൾ ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് സഹിതം വില്ലേജ് ഓഫീസർ/തഹസീൽദാർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. |
| (ബി) അപേക്ഷ നൽകി എത്ര ദിവസത്തിനകം ഈ സർട്ടിഫിക്കറ്റ് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | അപേക്ഷയിന്മേൽ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി തുടർന്ന് ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുകയും പരസ്യം ഗസറ്റിൽ വിജ്ഞാപനം ചെയ്തതിനുശേഷം ആക്ഷേപം ഉന്നയിക്കാനുള്ള സമയപരിധിയായ 30 ദിവസം കഴിഞ്ഞ് ആക്ഷേപം ഒന്നും ഇല്ലായെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കും. |
| (സി) ഗസറ്റിൽ പ്രസിദ്ധീകരിച്ച് എത്ര ദിവസത്തിനകം ബന്ധപ്പെട്ടവർ അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ; | (സി) | ഗസറ്റ് വിജ്ഞാപനത്തിനുശേഷം ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയ പരിധിയായ 30 ദിവസം കഴിഞ്ഞ് ആക്ഷേപം ഒന്നും ഇല്ലായെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കും. |
| (ഡി) സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ട അധികാരി ആരാണെന്ന് വ്യക്തമാക്കാമോ; | (ഡി) | തഹസീൽദാർ. |
| (ഇ) കാസർകോട് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ മുഹമ്മദ് കുഞ്ഞി എന്നയാൾ മരണപ്പെട്ടതിനെത്തുടർന്ന് മകൻ പി.എം.അബ്ദുൽ റഹിമാൻ ലീഗൽ ഹെയർ സർട്ടിഫിക്കറ്റിന് അപേക്ഷ | (ഇ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ കോട്ടിക്കുളം വില്ലേജിലെ പരേതനായ മുഹമ്മദ് കുഞ്ഞി.പി.എ പാക്യാര എന്നവരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുവേണ്ടി പരേതന്റെ മകനായ ശ്രീ.പി.അബ്ദുൽ റഹ്മാൻ.പി.എം. പാക്യാര, |

നൽകിയിരുന്നോ എന്നും അപേക്ഷ ലഭിച്ചതെപ്പോഴാണെന്നും സർക്കാർ പ്രസ്സിലേക്കയച്ചതെപ്പോഴാണെന്നും ഏത് ഗസറ്റിലാണ് പ്രസിദ്ധീകരിച്ചതെന്നും സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിയോ എന്നും വ്യക്തമാക്കാമോ?

കോട്ടിക്കുളം എന്നവർ 13/06/2019-ന് കോട്ടിക്കുളം വില്ലേജ് ആഫീസിൽ അപേക്ഷ നൽകുകയും വില്ലേജ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം 01/10/2019-ന് തിരുവനന്തപുരം ഗവ.പ്രസ്സിലേക്ക് അയച്ചിട്ടുള്ളതുമാണ്. 31/12/2019-ന് പ്രസിദ്ധീകരിച്ച ഗസറ്റിൽ (നമ്പർ-52)-ൽ പ്രസിദ്ധീകരിക്കുകയും (ബി2-17884/19) ഗസറ്റിന്റെ ഓഫീസ് കോപ്പി ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസിൽ 06/03/2020-ന് ലഭ്യമായിട്ടുള്ളതുമാണ്. ആയത് പ്രകാരം അനന്തരാവകാശ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**